പ: പാത്രിയർക്കീസ് ബാവായുടേയും പ: കാതോലിക്കാബാവായുടേയും ചില കൽപ്പനകളുടെ ശരിപകർപ്പ്



അങ്കമാലി ഭദ്രാസന സംരക്ഷണസമിതിവക പ്രസിദ്ധീകരണം

നമ്പർ: 1

I

പ. പാത്രിയർക്കീസ് ബാവാ തിരുമനസ്സിലെ
സഭാസമാധാന കല്പന

നമ്പർ 447 / '58

സർവ്വശക്തനായി സാരാംശ സമ്പൂർണ്ണനായിരിക്കുന്ന നിത്യൻെറ തിരുനാമത്തിൽ
അന്ത്യോഖ്യായുടേയും കിഴക്കൊക്കെയുടേയും, ശ്ലൈഹിക സിംഹാസനത്തിൻെറ
ബലഹീനനായ യാക്കോബ് തൃതീയൻ ഇഗ്നാത്യോസ് പാത്രിയർക്കീസ്

(മുദ്ര)

അന്ത്യോഖ്യായുടേയും, കിഴക്ക് ഒക്കെയുടേയും പത്രോസിനടുത്തതും, ശ്ലൈഹികവുമായ സിംഹാസനത്തിൻെറ അധികാര സീമയിൽപ്പെട്ട മലങ്കരയിലെയും, ഇൻഡ്യയിലേയും നമ്മുടെ സ്നേഹഭാജനങ്ങളായ ശ്രേഷ്ഠ മെത്രാപ്പോലീത്തന്മാർ, ബഹുമാന്യ കോർ എപ്പിസ്കോപ്പന്മാർ, നിർമ്മലരായ ശെമ്മാശ്ശന്മാർ, എന്നിവർക്കും വിശ്വാസികളായ സകല സുറിയാനി ജനതക്കും ദൈവമാതാവായ മറിയാമിൻെറയും, സകല ശുദ്ധിമാന്മാരുടേയും ശുദ്ധിമതികളുടേയും പ്രാർത്ഥനകളാൽ ദിവ്യ സമാധാനവും അപ്പസ്തോലിക വാഴ്വും സദാ വർദ്ധിച്ചിരിക്കുമാറാകട്ടെ. ആമ്മീൻ.

നിങ്ങളുടെ ആത്മീകവും ശാരീരികവുമായ ക്ഷേമം അന്വേഷിച്ചുകൊണ്ടു് നാം പറയുന്നതു്:- 'സമാധാനം നടത്തുന്നവർ ഭാഗ്യവാന്മാർ. അവർ ദൈവമക്കളെ എന്നു വിളിക്കപ്പെടും' എന്നു് കർത്താവ് അരുളിച്ചെയ്തിരിക്കുന്നു. 'സമാധാനം' എന്ന വചനം എത്ര ഇമ്പവും, ശ്രവണ മധുരവും, ഹൃദയാവർജ്ജകവുമാകുന്നു. എന്തെന്നാൽ സമാധാനം ഇടിഞ്ഞവയെ പണിയുകയും, വിടവുകളെ അടക്കുകയും ഹൃദയങ്ങളെ സംയോജിപ്പിക്കുകയും, ഒരു ജനതയുടെ അവയവങ്ങളെ കൂട്ടിച്ചേർത്തു് വളർത്തുകയും, ഏക സഭയുടെ മക്കളെ ഏക ഐക്യതയിലേക്കു് കൊണ്ടുവരികയും ചെയ്യുന്നു. സ്വർഗ്ഗം ഭൂമിയോടു് കോപിച്ചിട്ടു് അയ്യായിരം സംവത്സരങ്ങൾക്കു ശേഷം, രക്ഷാകരമായ മനുഷ്യാവതാരം മുഖാന്തിരം ഇതുപോലൊരു മാസത്തിൽ ദൈവം ആ വിശുദ്ധ സമാധാനം ഭൂതലത്തിനു നൽകി.

ഏതാണ്ടു് അമ്പതു സംവത്സരങ്ങൾക്കുമുമ്പ് മലങ്കര സുറിയാനി സഭയിൽ ആവിർഭവിച്ചതായ തർക്കം, നാനാപ്രകാരേണ സഭയെ ക്ഷീണിപ്പിച്ചു് ക്ഷയിപ്പിച്ചു എന്നകാര്യം ഒരു രഹസ്യമല്ല. പ്രാരംഭംമുതലെ സഭാസ്നേഹികളും, ദൈവഭക്തന്മാരുമായ അനേകരും സമാധാനവും ഐക്യവും, ഈ ഭിന്നതക്കു് ഒരു പരിഹാരവും ദർശിക്കുന്നതിനു് ഏററം ആഗ്രഹിച്ചിരുന്നിട്ടും അതു് സാധിക്കാതെ ദുഃഖനിമഗ്നരായി ഐഹികവാസം വെടിയുവാനിടയായി. നാമും മലങ്കര സഭയിൽ സമാധാനവും, ഏകഗാത്രത്തിൻെറ അവയവങ്ങളുടെ ഐക്യവും കാണുന്നതിനു പണ്ടേതന്നെ അഭിലഷിച്ചിരുന്നു.

പരിശുദ്ധ അന്ത്യോഖ്യാ സിംഹാസനത്തിന്മേലുള്ള നമ്മുടെ സ്ഥാനാരോഹണത്തിനുശേഷം, നിങ്ങൾക്കയച്ച നമ്മുടെ ശ്ലൈഹികമായ ഔദ്യോഗിക ലേഖനത്തിൽ ഈ വാഞ്ഛ നാം വിശദമാക്കിയിട്ടുണ്ടു്. നമ്മുടെ ഈ അഭിവാഞ്ഛ തണുത്തുപോകാതെ ദൈനംദിനം തീക്ഷ്ണമായി ശക്തിപ്പെട്ടു വരികയും നാം മുഖാന്തിരം ഈ വിടവ് അടക്കുവാൻ തക്കവണ്ണം ദൈവം തമ്പുരാൻ പ്രസാദിക്കുകയും ചെയ്തിരിക്കുന്നു തൻെറ നാമത്തിനു മഹത്വം.

മലങ്കര സഭയിൽ സമാധാനം സ്ഥാപിക്കേണ്ടതിലേക്കായി ഇതിനാൽ മോർ ബസ്സേലിയോസ് ഗീവറുഗീസിനെ കാതോലിക്കോസായി നാം സ്വീകരിച്ചിരിക്കുന്നു.

ആകയാൽ നിങ്ങൾ ആനന്ദഭരിതരായി ഭവിക്കുന്ന സമാധാനത്തിന്റെ ഈ മാസത്തിൽ ശാന്തിയുടെ സ്വാഗതാർഹവും, ഹൃദ്യവുമായ ഭാവുകങ്ങൾ നിങ്ങൾക്ക് ഇതോടൊപ്പം നാം ആശംസിക്കുന്നു. കർത്താവ് തന്റെ ഐശ്വര്യമേറിയ അനുഗ്രഹങ്ങൾ നിങ്ങളുടെമേൽ വർഷിക്കുന്നതിനും നാം പ്രാർത്ഥിക്കുന്നു. അസൂയാർഹവും സകല സുകൃതങ്ങളാലും സമലംകൃതവുമായ ജനമായി നിങ്ങൾ തീരുന്നതിനുവേണ്ടി തന്റെ ഉത്തമ തിരുഹിതത്തിനു പ്രീതികരമായ ദിവ്യ പരിപാലനംകൊണ്ടും ആരോഗ്യംകൊണ്ടും സുഭിക്ഷതകൊണ്ടും ദൈവംതമ്പുരാൻ നിങ്ങളെ ധന്യരാക്കിത്തീർക്കുമാറാകട്ടെ.

ആയത് തന്റെയും, തന്റെ പിതാവിന്റെയും, പരിശുദ്ധ റൂഹായുടേയും കൃപയാലും കരുണയാലും തന്നെ, ആമ്മീൻ.

ആകാശങ്ങളിലിരിക്കുന്ന..................

നമ്മുടെ പാത്രിയർക്കാവാഴ്ചയുടെ രണ്ടാം ആണ്ട് ക്രിസ്താബ്ദം 1958 ഡിസംബർ 9-ാം തിയതി സിറിയായിൽ ഹോംസിലെ നമ്മുടെ അരമനയിൽനിന്നും.

(ശരി തർജ്ജിമ)



II

പ. കാതോലിക്കാബാവാ തിരുമനസ്സിലെ സഭാസമാധാന കല്പന

നമ്പർ 105 / '58

സ്വയസ്ഥിതനും ആദ്യന്തമില്ലാത്തവനും സാരാംശസമ്പൂർണ്ണനുമായ ത്രിയേക ദൈവത്തിന്റെ തിരുനാമത്തിൽ (തനിക്കു സ്തുതി)

വിശുദ്ധ മാർ തോമാശ്ലീഹായുടെ പൗരസ്ത്യ സിംഹാസനത്തിന്മേൽ ആരൂഢനായിരിക്കുന്ന ബലഹീനനായ രണ്ടാമത്തെ ഗീവറുഗീസ് എന്ന് അഭിധാനമുള്ള ബസ്സേലിയോസ് കാതോലിക്കാ.

(മുദ്ര)

നമ്മുടെ അധികാരസീമയിൽപ്പെട്ട നമ്മുടെ സ്നേഹഭാജനങ്ങളായ മേല്പട്ടക്കാർ, പട്ടക്കാർ, ശെമ്മാശ്ശന്മാർ ഇവർക്കും വിശ്വാസികളായ ജനങ്ങൾക്കും ദൈവീക കൃപയും അപ്പോസ്തോലിക വാഴ്‌വും സദാ വർദ്ധിച്ചിരിക്കുമാറാകട്ടെ.

ദീർഘകാലമായി നമ്മുടെ സഭയിൽ നിലനിന്നുവന്ന അസമാധാനവും കലഹങ്ങളും അവസാനിപ്പിക്കുന്നതിനു കാലംചെയ്ത മാർ ഗീവറുഗീസ് ദീവന്നാസ്യോസ് മെത്രാപ്പോലീത്തായും നാമും പല ശ്രമങ്ങളും നടത്തിയതിൽ സമാധാനം കൈവരുത്തുന്നതിനു സാധിക്കാതെയിരുന്നതിൽ നാം എപ്പോഴും ദുഃഖത്തിൽ ഇരുന്നിരുന്നു. എന്നാൽ അസമാധാനം തീർത്ത് ഒന്നായിത്തീരുന്നതിനുള്ള സന്നദ്ധത കാണിച്ച് നാം ഒന്നായിച്ചേർന്നിരിക്കുന്നതിനാൽ നാം അത്യധികം സന്തോഷിക്കുകയും ദൈവത്തെ മഹത്വപ്പെടുത്തുകയും ചെയ്യുന്നു.

സഭയിലെ സമാധാനത്തിനുവേണ്ടി മലങ്കര സുറിയാനി ക്രിസ്ത്യാനി അസ്സോസിയേഷൻ പാസ്സാക്കി നടപ്പിലിരിക്കുന്ന ഭരണഘടനയ്ക്കു വിധേയമായി മോറാൻ മാർ ഇഗ്നാത്തിയോസ് യാക്കൂബ് തൃതീയനെ അന്ത്യോക്യാ പാത്രിയർക്കീസ് ആയി സ്വീകരിക്കുന്നതിനു നാം പ്രസാദിച്ചിരിക്കുന്നു.

അദ്ദേഹത്തിന്റെ കീഴിൽ മലങ്കരെയുള്ള മേല്പട്ടക്കാരെയും ടി ഭരണഘടനയിലെ വ്യവസ്ഥകൾക്ക് അനുസരണമായി സ്വീകരിക്കുന്നതിനു നമുക്കു സന്തോഷമുണ്ട്.

സർവ്വശക്തനായ ദൈവത്തിന്റെ കൃപയും അനുഗ്രഹങ്ങളും നിങ്ങളെല്ലാവരോടുംകൂടെ സദാ വർദ്ധിച്ചിരിക്കുമാറാകട്ടെ. ആയതു് ദൈവമാതാവായ വിശുദ്ധ കന്യകമറിയാമിന്റെയും ഇൻഡ്യയുടെ കാവൽപിതാവായ മാർ തോമാശ്ലീഹായുടെയും ശേഷമുള്ള എല്ലാ ശുദ്ധിമാന്മാരുടെയും ശുദ്ധിമതികളുടെയും പ്രാർത്ഥനകളാൽ തന്നെ. ആമ്മീൻ.

ആകാശത്തിലുള്ള ഞങ്ങളുടെ ബാവാ...... ഇത്യാദി.

എന്നു്

1958 ഡിസംബർ 16–ാം തീയതി
കോട്ടയം കാതോലിക്കേറ്റ് അരമനയിൽനിന്നു്.

III

മെത്രാസന ഇടവക വിഭജനകല്പന്

നമ്പർ 31/'59

സ്വയസ്ഥിതനും ആദ്യന്തമില്ലാത്തവനും സാരാംശസമ്പൂർണ്ണനുമായ ത്രിയേക ദൈവത്തിന്റെ തിരുനാമത്തിൽ (തനിക്കു സ്തുതി)

വിശുദ്ധ മാർത്തോമ്മാശ്ലീഹായുടെ പൌരസ്ത്യ സിംഹാസനത്തിന്മേൽ ആരൂഢനായിരിക്കുന്ന ബലഹീനനായ രണ്ടാമത്തെ ഗീവറുഗീസ് എന്നു് അഭിധാനമുള്ള ബസ്സേലിയോസ് കാതോലിക്കാ.

നമ്മുടെ എല്ലാ പള്ളികളിലെയും വികാരിമാരും ദേശത്തു പട്ടക്കാരും പള്ളി കൈക്കാരന്മാരും ശേഷം ജനങ്ങളും കൂടി കണ്ടെന്നാൽ നിങ്ങൾക്കു് വാഴ്വ്:–

(മുദ്ര)

അന്ത്യോഖ്യായുടെ മോറാൻ മാർ ഇഗ്നാത്യോസ് യാക്കോബ് തൃതീയൻ പാത്രിയർക്കീസ് ബാവായും നാമും പരസ്പരം കല്പനകൾമൂലം സ്വീകരിക്കുകയും നമ്മുടെ സഭയിൽ സമാധാനം സ്ഥാപിതമാകയും ചെയ്തതിനെ തുടർന്നു് നമ്മുടെ മലങ്കര മഹാഇടവകയിലെ മെത്രാസന ഇടവകകളുടെ ഭരണം സംബന്ധിച്ചു് ചില ക്രമീകരണങ്ങൾ ഏർപ്പെടുത്തേണ്ടതു് അത്യാവശ്യമായിത്തീരുകയാൽ മലങ്കര അസോസ്യേഷൻ മാനേജിംഗ് കമ്മററിയും എപ്പിസ്കോപ്പൽ സുന്നഹദോസും നാം വിളിച്ചുകൂട്ടി അക്കാര്യത്തെപ്പററി പര്യാലോചിച്ചതിൽ ആധുനിക സ്ഥിതി

ഗതികൾ പരിഗണിച്ച് മെത്രാസന ഇടവകകൾ പുനർവിഭജനം ചെയ്യണമെന്ന് അഭിപ്രായമുള്ളതുകൊണ്ട് മുറപ്രകാരമുള്ള നടപടികൾ നടത്തി ആ സംഗതി തീരുമാനിക്കുന്നതുവരെ താൽക്കാലികമായി ഭരണം നടത്തുന്നതിന് മാനേജിംഗ് കമ്മററിയുടെ ആലോചനയോടുകൂടിയും എപ്പിസ്കോപ്പൽ സുന്നഹദോസിന്റെ ശുപാർശ അനുസരിച്ചും താഴെ വിവരിക്കുന്ന പ്രകാരം മേല്പട്ടക്കാർക്ക് ഇടവകകൾ തിരിച്ചുകൊടുത്ത് അവയുടെ ഭരണത്തിന് അവരെ നാം അധികാരപ്പെടുത്തിയിരിക്കുന്നു. ഈ താൽക്കാലിക ക്രമീകരണമനുസരിച്ച് മലബാർ മെത്രാസനം പത്രോസ് മാർ ഒസ്താത്തിയോസ് എപ്പിസ്കോപ്പായും, കൊച്ചി മെത്രാസനം പൗലൂസ് മാർ സേവേറിയോസ് മെത്രാപ്പോലീത്തായും, അങ്കമാലി മെത്രാസനം ഗീവറുഗീസ് മാർ ഗ്രീഗോറിയോസ് മെത്രാപ്പോലീത്തായും, കണ്ടനാട് മെത്രാസനം ഔഗേൻ മാർ തീമോത്തിയോസ് മെത്രാപ്പോലീത്തായും, പൗലൂസ് മാർ പീലക്സീനോസ് മെത്രാപ്പോലീത്തായും ഒരുമിച്ചും കോട്ടയം മെത്രാസനം കുറിയാക്കോസ് മാർ ഗ്രീഗോറിയോസ് മെത്രാപ്പോലീത്താ സീനിയർ മെത്രാപ്പോലീത്തായായും, മാത്യൂസ് മാർ ഈവാനിയോസ് എപ്പിസ്കോപ്പാ സഹായമെത്രാനായും, നിരണം മെത്രാസനം മാർ തോമ്മാ ദീവന്നാസ്യോസ് മെത്രാപ്പോലീത്തായും, തുമ്പമൺ മെത്രാസനം ദാനിയേൽ മാർ പീലക്സീനോസ് എപ്പിസ്കോപ്പായും കൊല്ലം മെത്രാസനം അലക്സ്യോസ് മാർ തേവോദോസ്യോസ് മെത്രാപ്പോലീത്താ .സീനിയർ മെത്രാപ്പോലീത്തായായും മാത്യൂസ് മാർ കൂറിലോസ് എപ്പിസ്കോപ്പാ സഹാ[illegible] ഭരിക്കുന്നതാകുന്നു. ക്നാനായ വിഭാഗത്തിന്റെ പ്രത്യേക [illegible] നടപടികളേയും ആദരിച്ച് ക്നാനായ സമുദായാംഗങ്ങൾ ചേർന്ന നടക്കുന്ന പള്ളികൾ എല്ലാംകൂടി ഒരു മെത്രാസന ഇടവകയായിരിക്കണമെന്നും ആ മെത്രാസനത്തിന്റെ ഭരണം ഏബ്രഹാം മാർ ക്ലീമ്മീസ് മെത്രാപ്പോലീത്താ നടത്തണമെന്നും ആ മെത്രാസനവും മലങ്കര സഭയുമായുള്ള ബന്ധം അതേപ്പററി പഠിച്ച് എപ്പിസ്കോപ്പൽ സുന്നഹദോസിനു റിപ്പോർട്ടു ചെയ്യുന്നതിന് നിയമിക്കപ്പെട്ടിട്ടുള്ള കമ്മററിയുടെ റിപ്പോർട്ട് കിട്ടിയശേഷം നിശ്ചയിക്കണമെന്നും തീരുമാനിച്ചിരിക്കുന്നതും അതനുസരിച്ച് ആ മെത്രാസനം മാർ ക്ലീമ്മീസ് മെത്രാപ്പോലീത്താ ഭരിക്കുന്നതും ആകുന്നു. മലങ്കര മെത്രാപ്പോലീത്തായുടെ ആസ്ഥാനമായ കോട്ടയത്തുള്ള കോട്ടയം ചെറിയ പള്ളിയും അതോടു ബന്ധപ്പെട്ട പള്ളികളും ചാപ്പലുകളും അവയോടുകൂടി മാർ ഏലിയാ ചാപ്പൽ ഇടവകയും മലങ്കര മെത്രാപ്പോലീത്തായുടെ നേരിട്ടുള്ള ഭരണത്തിൽ തുടരുന്നതാകുന്നു.

മലങ്കരയ്ക്കു വെളിയിലുള്ള ഇടവകകളുടെ ഭരണം അലക്സ്യോസ് മാർ തേവോദോസ്യോസ് മെത്രാപ്പോലീത്താ നിർവ്വഹിക്കണമെന്നും നാം തീരുമാനിച്ചിരിക്കുന്നു.

അനുഗ്രഹിക്കപ്പെട്ട വാത്സല്യ മക്കളെ, ദീർഘകാലമായി നമ്മുടെ ഇടയിൽ നിലനിന്നിരുന്ന കക്ഷി ഭിന്നതകളും തർക്കങ്ങളും അവസാനിക്കയും സമാധാനം കൈവരികയും നാം ഒന്നായിത്തീരുകയും ചെയ്തിരിക്കുന്നതിനാൽ ഈ സൗഭാഗ്യം നമുക്കു നൽകിയ കാരുണ്യവാനായ ദൈവത്തെ സ്തുതിക്കുകയും തന്നിൽ ആശ്രയിച്ചുകൊണ്ട് സഭയുടെ വളർച്ചയ്ക്കും പുരോഗമനത്തിനും ആയി ഉത്സാഹപൂർവ്വം പ്രവർത്തിക്കുകയും ചെയ്യണം. നിങ്ങൾ ദൈവഭയത്തിലും സത്യവിശ്വാസത്തിലും വളരണം. സഭയുടെ നിയമങ്ങൾ പാലിക്കുകയും പാരമ്പര്യങ്ങൾ വളർത്തുകയും ചെയ്യണം. നിങ്ങളെ സത്യവിശ്വാസത്തിൽ വളർത്തുന്നതിനും നേർവഴിയിലൂടെ നടത്തുന്നതിനും പ്രബോധിപ്പിക്കുന്നതിനും, പ്രോത്സാഹിപ്പിക്കുന്നതിനും ഗുണദോ

ഷിക്കുന്നതിനും ശാസിക്കുന്നതിനും അധികാരവും കടമയും ഉള്ള നിങ്ങളുടെ പിതാക്കന്മാരും ഇടയന്മാരും ആയ ഇടവക മെത്രാപ്പോലീത്തന്മാരെ നിങ്ങൾ അനുസരിക്കുകയും അവരുടെ ഉപദേശങ്ങൾ സ്വീകരിക്കുകയും കല്പനകൾ പ്രമാണിക്കുകയും മെത്രാസന ഭോഗങ്ങൾ കൊടുക്കുകയും ചെയ്യണം. എല്ലാ ഇടവകകളിലെയും പ്രവർത്തനങ്ങൾ സഭാ ഭരണഘടനയ്ക്കു വിധേയമായി നടത്തുകയും നമ്മുടെ സഭയിൽ മേൽക്കുമേൽ സമാധാനവും സംപ്രീതിയും വർദ്ധിച്ചുവരുവാനും ദൈവതിരുനാമം മഹത്വപ്പെടുവാനും തക്കവണ്ണം എല്ലാ കാര്യങ്ങളും ക്രമപ്പെടുത്തിക്കൊള്ളുകയും ചെയ്യണം. ശേഷം പിന്നാലെ.

സർവ്വശക്തനായ ദൈവത്തിന്റെ കൃപയും അനുഗ്രഹങ്ങളും നിങ്ങൾ എല്ലാവരോടുംകൂടെ സദാ വർദ്ധിച്ചിരിക്കുമാറാകട്ടെ, ആയതു് ദൈവമാതാവായ വി. കന്യകമറിയാമിന്റെയും ഇൻഡ്യയുടെ കാവൽ പിതാവായ മാർ തോമ്മാശ്ലീഹായുടെയും ശേഷം എല്ലാ പരിശുദ്ധന്മാരുടെയും ശുദ്ധിമതികളുടെയും പ്രാർത്ഥനകളാൽ തന്നെ.

ആകാശത്തിലുള്ള ഞങ്ങളുടെ ബാവാ...........ഇത്യാദി.

എന്നു്, 1959 ഫെബ്രുവരി 25-ാം തീയതി
കോട്ടയം കാതോലിക്കേറ്റു് അരമനയിൽനിന്നും.



IV

മാർ തോമ്മാ ശ്ലീഹായുടെ പൌരോഹിത്യത്തെ സംബന്ധിച്ചു് പ. പാത്രിയർക്കീസ് ബാവാ തിരുമനസ്സിലെ കല്പന

Syrian Patriarcate
Of Antioch and all the East
Damascus - Syria
No. 203 / 70.

(മുദ്ര)

ബഹുമാനപൂർണ്ണനായ ഔഗേൻ പ്രഥമൻ പൌരസ്ത്യ കാതോലിക്കായായ നമ്മുടെ സഹോദരന്റെ ശ്രേഷ്ഠതയ്ക്കു്.

സാഹോദര്യചുംബനത്തിനും ബഹുമാന്യമായ അങ്ങയുടെ ക്ഷേമാന്വേഷണത്തിനും ശേഷം പറയുന്നതെന്തെന്നാൽ

അങ്ങയുടെ എഴുത്തിനു വളരെ നാളുകൾക്കുമുമ്പു് മാർത്തോമ്മായുടെ സിംഹാസനം എന്ന തലവാചകത്തിൽ എഴുതിയിട്ടുള്ളതായി ഒരു കത്തു നാം വായിച്ചു് വളരെ അത്ഭുതപ്പെട്ടു. നാലാം നൂററാണ്ടിൽ കാതോലിക്കാസ്ഥാപനം ഉണ്ടായതു മുതൽ ഈ നാമം കാതോലിക്കാമാരിലൊ മപ്രിയാനാമാരിലൊ ആരും ഉപയോഗിച്ചിട്ടില്ലാ എന്നതാണു് കാര്യം. രണ്ടാമതായി മാർത്തോമ്മാശ്ലീഹായുടെ സിംഹാസനം, എന്നു പറയപ്പെടത്തക്കവിധത്തിൽ, മാർത്തോമ്മാശ്ലീഹാ ഏതെങ്കിലും ഒരു സിംഹാസനം സ്ഥാപിച്ചിട്ടേയില്ല. യൂഹാനോന്റെ ഏവൻഗേലിയോനിൽനിന്നും (20:21–24) വ്യക്തമാകുന്ന പ്രകാരം അദ്ദേഹം ഒരു പുരോഹിതനായിട്ടി

ല്ലായിരുന്നു. ഒരു പുരോഹിതൻപോലും ആകാതിരിക്കെ എങ്ങനെ മഹാപുരോഹിതനായി. ഒരു മഹാപുരോഹിതൻ അല്ലാതിരിക്കെ എങ്ങനെ സിംഹാസനം സ്ഥാപിച്ചു. അതുകൊണ്ടു് പൂർവ്വീക ചരിത്രകാരന്മാരിലാരുംതന്നെ അദ്ദേഹം ആരെയും എപ്പിസ്ക്കോപ്പാ ആയി പട്ടം കെട്ടിയതായോ കാതോലിക്കാസിംഹാസനം സ്ഥാപിച്ചതായോ പ്രസ്താവിച്ചിട്ടില്ല.

... ...

... ...

നമ്മുടെ ശ്ലൈഹിക ആശീർവാദങ്ങൾ വാത്സല്യമൈത്രാപ്പോലീത്തന്മാർക്കും നമ്മുടെ മക്കളായ വൈദികർക്കും അവിടെയുള്ള ജനത്തിനും നൽകുക. പാത്രിയർക്കാ അരമനാംഗങ്ങൾ അങ്ങയുടെ കൈ ചുംബിക്കുകയും പ്രാർത്ഥനകളെ ആശ്ലേഷിക്കുകയും ചെയ്യുന്നു. ഇവ ഇവിടെ അവസാനിക്കട്ടെ. കർത്താവിന്റെ കൃപ അങ്ങയോടുകൂടെ.

ദമസ്ക്കോസ്,
27–6–1970.

(മലയാളം വിവർത്തനം)

കുറിപ്പ്:

ടി കല്പനയിൽ വി. യോഹന്നാന്റെ സുവിശേഷം (20:21-23) ആധാരമായി ചേർത്തിട്ടുണ്ടു്. സഭാംഗങ്ങൾ വി. മത്തായിയുടെ 10:5-20 വരെ ഒന്നു വായിക്കാൻ അപേക്ഷ. ഈ കല്പന എഴുതിയ പ. പാത്രിയർക്കീസ് ബാവാതന്നെ റമ്പാനായിരുന്ന കാലത്തു് എഴുതിയ സഭാ ചരിത്രത്തിൽ തോമ്മാശ്ലീഹായെപ്പററി പറയുന്നതു് എന്തെന്നു് ഒന്നു നോക്കുന്നതു് സമുചിതമായിരിക്കുമല്ലോ. സുറിയാനി സഭാചരിത്രം (പേജ് 149) 'എ. ഡി. 28-ലെ വസന്തകാലത്തു് മററു ശിഷ്യന്മാരോടുകൂടെ വി. തോമ്മാ ശ്ലീഹാസ്ഥാനത്തേക്കു് ഉയർത്തപ്പെട്ടു.' (പേജ് 164) മലങ്കരയിൽ സുവിശേഷവിത്തു വിതച്ചതിനുശേഷം ഈ ബാലസഭയെ ഭരിപ്പാൻ, ശങ്കരപുരി, പകലോമററം, കള്ളി, കാളിയാങ്കൽ എന്നീ ക്രിസ്തുമാർഗ്ഗം സ്വീകരിച്ച നാലു ബ്രാഹ്മണ കുടുംബങ്ങളിൽ നിന്നു് അദ്ദേഹം സ്ഥാനംകൊടുത്തു് പട്ടക്കാരെ ഏർപ്പെടുത്തി. ഇതിൽനിന്നും മാർത്തോമ്മാ മഹാ പുരോഹിതൻ ആയിരുന്നു എന്നു് സ്പഷ്ടമല്ലേ. മഹാപുരോഹിതൻ അല്ലെങ്കിൽ എങ്ങനെ പട്ടക്കാരെ വാഴിക്കാൻ സാധിക്കും ? പ. പാത്രിയർക്കീസു ബാവാ എഴുതിയ ചരിത്രത്തിൽ മാർ തോമ്മാ മഹാ പുരോഹിതനായിരുന്നു എന്നു രേഖപ്പെടുത്തിയിരിക്കുന്നു. 1970-ലെ കല്പനയിൽ കത്തനാർപോലും ആയിരുന്നില്ല എന്നും പറയുന്നു. മലങ്കരസഭയിലെ ജനങ്ങൾ ഇതിൽ ഏതു വിശ്വസിക്കണം. സഭയുടെ ചരിത്രം ഇന്നത്തെ ചിന്താഗതിയും പരിതസ്ഥിതിയും അനുസരിച്ചു മാററാവുന്നതാണോ ? സഭാമക്കൾ നിശ്ചയിക്കട്ടെ.



മാർത്തോമ്മാശ്ലീഹായുടെ സിംഹാസനം എന്ന വിശേഷണത്തോടുകൂടിയ ഹെഡിംഗ്പേപ്പർ ഉപയോഗിച്ചുകൊണ്ട് എഴുതിയിട്ടുള്ള ഓരോ വർഷത്തെ ഓരോ കല്പനകളുടെമാത്രം നമ്പറും തീയതിയും ഉദാഹരണത്തിനായി താഴെ കുറിക്കുന്നു.

നമ്പർ	തീയതി		നമ്പർ	തീയതി	
1	1929	കുംഭം 9(കാലംചെയ്ത കാതോലിക്കാ ബാവായുടെ സ്ഥാനാരോഹണശേഷം ആദ്യം അയച്ച കല്പനയാണ് ഇത്)			
4	1930	മകരം 1	321	1949	കുംഭം 22
441	1932	മകരം 14	508	1950	കുംഭം 18
55	1933	മകരം 24	487	1951	ജനുവരി 5
16	1934	വൃശ്ചികം 18	8	1952	ജനുവരി 8
50	1935	മകരം 13	59	1953	ഏപ്രിൽ 16
165	1936	മീനം 6	105	1954	നവംബർ 28
[illegible]	1937	മകരം 22	45	1956	ഫെബ്രുവരി 18
[illegible]	[illegible]	മകരം 28	105	1958	ഡിസംബർ 16
[illegible]	[illegible]	[illegible] 1			(സ്വീകരണകല്പന)
[illegible]	[illegible]	മീനം 16			
4	1941	മകരം 24	12	1959	ജനുവരി 24
887	1943	മിഥുനം 8	22	1960	ഫെബ്രുവരി 23
572	1944	കുംഭം 14	9	1961	ഫെബ്രുവരി 10
768	1945	ചിങ്ങം 1	19	1962	മാച്ച് 9
98	1947	മേടം 17	26	1963	ഫെബ്രുവരി 16

കൂടാതെ ഇപ്പോഴത്തെ പ: കാതോലിക്കാബാവായും തന്റെ മുൻഗാമിയെപ്പോലെതന്നെ മാർത്തോമ്മായുടെ സിംഹാസനം ചേർത്ത് അയച്ചിട്ടുള്ള നൂറുകണക്കിന് കല്പനകളുടെ കോപ്പികൾ കാണുവാൻ സാധിച്ചിട്ടുണ്ട്. അതിൽ ചുരുക്കം ചിലതുമാത്രം താഴെ കുറിക്കുന്നു.

നമ്പർ	തീയതി		നമ്പർ	തീയതി	
293	1968	ഒക്ടോബർ 17	1	1970	ജനുവരി 5
325	1968	ഡിസംബർ 6	2	,,	,, 7
331	1968	,, 20	3	,,	,, 8
35	1969	മാച്ച് 5	6	,,	,, 13
57	,,	ഏപ്രിൽ 8	31	,,	ഫെബ്രുവരി 13
71	,,	മേയ് 3	73	,,	ഏപ്രിൽ 13
74	,,	,, 9	77	,,	,, 23
88	,,	,, 22	89	,,	മേയ് 14
201	,,	ഡിസംബർ 1	148	,,	ആഗസ്റ്റ് 3

നമ്പർ	തീയതി		നമ്പർ	തീയതി	
156	1970	ആഗസ്റ്റ് 13	23	1971	ഫെബ്രുവരി 16
173	,,	സെപ്റ്റംബർ 4	29	,,	മാർച്ച് 13
179	,,	,, 9	55	,,	,, 31
187	,,	,, 10	68	,,	ഏപ്രിൽ 20
199	,,	,, 25	76	,,	മേയ് 1
237	,,	ഒക്ടോബർ 23	79	,,	,, 10
243	,,	നവംബർ 9	88	,,	ജൂൺ 2
256	,,	,, 30	95	,,	,, 22
259	,,	ഡിസംബർ 1	100	,,	ജൂലൈ 1
263	,,	,, 5	131	,,	ആഗസ്റ്റ് 30
264	,,	,, 5	143	,,	സെപ്റ്റംബർ 25
276	,,	,, 24	151	,,	ഒക്ടോബർ 6
11	1971	ജനുവരി 20	161	,,	,, 25
12	,,	,, 26	178	,,	നവംബർ 19
16	,,	,, 28	185	,,	,, 23
19	,,	ഫെബ്രുവരി 5	187	,,	,, 23
			192	,,	ഡിസംബർ 7

1912-ൽ മലങ്കരയിലെ ഒന്നാം കാതോലിക്കായെ വാഴിച്ചപ്പോൾ പ: പാത്രിയക്കീസ് ബാവ നൽകിയ കല്പനയുടെ പ്രസക്തഭാഗം.

"നിങ്ങളുടെ അപേക്ഷാനുസരണം നമ്മുടെ ആത്മീക വാത്സല്യവാനായ ഈവാനിയോസിനെ ബസ്സേലിയോസ് എന്ന നാമധേയത്തിൽ മപ്രിയാനായി കിഴക്കിന്റേയും അതായത് ഇൻഡ്യയിലും മററുമുള്ള മാർത്തോമ്മാശ്ലീഹായുടെ സിംഹാസനത്തിന്റെ കാതോലിക്കായായി നാം പട്ടം കൊടുത്തിരിക്കുന്നു."

എന്ന്, അങ്കമാലി ഭദ്രാസന സംരക്ഷണസമിതിക്കുവേണ്ടി,
എം. ററി. പോൾ, സെക്രട്ടറി (ഒപ്പ്)

M. G. M. Press, Alwaye Phone: 591